# പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 ഫെബ്രുവരി 2, തിങ്കൾ

**നമ്പർ 199**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട രണ്ടംഗങ്ങൾ സഭാ കവാടത്തിനുമുമ്പിൽ സത്യാഗ്രഹ സമരം തുടരുകയാണെന്നും, സഭാ നടപടികളുമായി സഹകരിച്ചുകൊണ്ടുതന്നെ സമരവുമായി മുന്നോട്ടുപോകുകയാണെന്നും പ്രതിപക്ഷ നേതാവ് അറിയിച്ചതിനെ തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ മുദ്രാവാക്യം വിളിക്കുകയും സഭയിൽ നിന്നിറങ്ങിപ്പോകുകയും അല്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.]

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50):

പയ്യന്നൂരിൽ പോലീസിനെ സ്റ്റീൽ ബോംബ് എറിഞ്ഞ കേസിൽ 20 വർഷം തടവിന് ശിക്ഷിക്കപ്പെട്ട തടവുകാർക്ക് അനധികൃതമായി പരോൾ അനുവദിച്ച സംഭവവും, രാഷ്ട്രീയ കൊലപാതക കേസിലെ പ്രതികൾക്ക് പരോൾ അനുവദിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയെന്ന് പറയപ്പെടുന്ന സംഭവം സംസ്ഥാനത്തെ ക്രമസമാധാന നിലയെക്കുറിച്ച് ജനങ്ങളിൽ ഗൗരവമായ ആശങ്കകൾ ഉളവാക്കിയതായി പറയപ്പെടുന്ന സാഹചര്യവും സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. കെ. രമയും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത വിഷയത്തിന് പൊതുപ്രാധാന്യമോ അടിയന്തര സ്വഭാവമോ ഇല്ലാത്തതിനാൽ നോട്ടീസ് പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് സ്പീക്കർ അറിയിക്കുകയും നോട്ടീസ് നിരസിക്കുകയും ചെയ്തു.

KNPP.166/2026.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിക്ഷേധിച്ച് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. ചെയർ അടുത്ത നടപടിയിലേക്ക് കടന്നു.)

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) 2023 ഏപ്രിൽ 10-ലെ ഉത്തരവിലൂടെ സംസ്ഥാനത്ത് വർദ്ധിപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് 60% കുറച്ചുകൊണ്ടും അധികമായി ഈടാക്കിയ തുക 2025 മാർച്ച് 31-ന് മുൻപ് തിരികെ നൽകണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് പാലിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ബാബു (നെന്മാറ) തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററി കാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററി കാര്യ വകുപ്പു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നതിനാൽ കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | പൂക്കാട് പാലം നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ.ഡി. പ്രസേനൻ | ആസ്തി വികസന ഫണ്ടിൽനിന്നും ആലത്തൂർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് വാഹനം | ധനകാര്യ വകുപ്പുമന്ത്രി |
| 3. | ശ്രീ. മുരളി പെരുനെല്ലി | പെരിങ്ങാട് പുഴ കണ്ടൽ റിസർവ് വനമാക്കുന്ന നടപടി പിൻവലിക്കൽ | വനം-വന്യജീവി വകുപ്പുമന്ത്രി |
| 4. | ശ്രീ. കെ. എം. സച്ചിൻദേവ് | ബാലുശ്ശേരി ജി.എച്ച്.എസ്സ്. - ജി.വി.എച്ച്.എസ്. എസ്സ് - ലയനം | പൊതുവിദ്യഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 5. | ശ്രീമതി സി.കെ. ആശ | ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 6. | ശ്രീ. ജോബ് മൈക്കിൾ | ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് സഭാ നടപടികൾ ബഹിഷ്കരിക്കുകയാണെന്ന് അറിയിച്ചതിനെ തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ച് സഭയിൽ നിന്നിറങ്ങിപ്പോകുകയും ചെയ്തു.)

ധനകാര്യം :

2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ചിറ്റയം ഗോപകുമാർ, ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ഡോ. എൻ. ജയരാജ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. എം. വിജിൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. എം. നൗഷാദ്

ചർച്ച പൂർത്തിയായില്ല.

2026 ഫെബ്രുവരി 3- ാം തീയതി, ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 1.42 - ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, February 2, 2026*

**No. 199**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

[At the commencement of Question Hour, the Leader of Opposition informed the House that two of their members are continuing Satyagraha at the entrance of the Assembly Hall in protest against the stance taken by the Government, and that they would proceed with the protest while cooperating with the House proceedings. Subsequently, the members belonging to the opposition raised slogans in the House, staged a walkout and returned after a while.]

*Adjournment Motion (Rule 50):*

Smt. K. K. Rema and five other Members had given notice for moving an adjournment motion regarding the concern reported to have arisen among the general public regarding the law and order situation in the State due to the alleged unauthorized granting of parole to the convicts sentenced to 20 years imprisonment in the Payyannur steel bomb case and the alleged bribery by police officials to grant parole to the accused in political murder cases. Speaker withheld consent to the notice stating that the matter was neither of public importance nor of urgent nature.

(As a mark of protest against the denial of permission for the adjournment motion, members belonging to the opposition raised slogans and attempted to disrupt the proceedings of the House. The Chair proceeded to the next item of business.)

*Calling Attention:*

(1) Shri K. Babu (Nenmara) called the attention of the Minister for Local Self Governments, Excise and Parliamentary Affairs to the necessity to initiate action against the Local Self Government Institutions which have not complied with the Government order, that directed 60% reduction in the Building Permit Fee enhanced by the Government order dated 10th April, 2023 and further instructed that the excess amount collected should be refunded before 31st March, 2025. The Minister for Local Self Governments, Excise and Parliamentary Affairs made a statement thereto.

(The second calling attention in the List of Business was not presented as the opposition party members continued to clamour.)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ | പൂക്കാട് പാലം നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ.ഡി. പ്രസേനൻ | ആസ്തി വികസന ഫണ്ടിൽനിന്നും ആലത്തൂർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് വാഹനം | ധനകാര്യ വകുപ്പുമന്ത്രി |
| 3. | ശ്രീ. മുരളി പെരുനെല്ലി | പെരിങ്ങാട് പുഴ കണ്ടൽ റിസർവ് വനമാക്കുന്ന നടപടി പിൻവലിക്കൽ | വനം-വന്യജീവി വകുപ്പുമന്ത്രി |
| 4. | ശ്രീ. കെ. എം. സച്ചിൻദേവ് | ബാലുശ്ശേരി ജി.എച്ച്.എസ്സ്. - ജി.വി.എച്ച്.എസ്. എസ്സ് - ലയനം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 5. | ശ്രീമതി സി. കെ. ആശ | ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 6. | ശ്രീ. ജോബ് മൈക്കിൾ | ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

(The Leader of Opposition announced that the Members belonging to the Opposition were boycotting the proceedings of the House in protest against the denial of permission for the adjournment motion. Consequently, the members of the opposition boycotted the further proceedings.)

*Financial Business:*

The General discussion on the budget for the financial year 2026-27 commenced. The following members took part in the discussion.

Shri Chittayam Gopakumar, Deputy Speaker

Shri Kadakampally Surendran

Shri E. T. Taison Master

Dr. N. Jayaraj

Shri P. Mammikutty

Shri K. Ansalan

Shri K. N. Unnikrishnan

Shri A. Prabhakaran

Shri P. V. Sreenijin

Shri Ahammad Devarkovil

Shri M. Vijin

Shri K. Premkumar

Shri Muhammed Muhassin

Shri M. Noushad

The discussion was inconclusive.

The House adjourned at 1.42 p.m. to meet again at 9.00 a.m. on Tuesday, February 3, 2026.

DR. N. KRISHNA KUMAR,
*Secretary.*